(എ) 1963 കലണ്ടർ വർഷത്തിൽ എത്ര ഭക്ഷ്യവിഷബാധക്കേസ്സുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ;

(ബി) ആയതിൽ എത്രപേർക്ക് വിഷബാധയുണ്ടായി ;

(സി) അതിൽ എത്രപേർ മരിച്ചിട്ടുണ്ട് ;

(ഡി) ഇക്കാര്യത്തിൽ എന്തു കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 11.

(ബി) 495 പേർക്ക്.

(സി) 8 പേർ.

(ഡി) വിഷബാധയുണ്ടായാലുടൻ ചെയ്യേണ്ടതായ കർത്തവ്യങ്ങളെക്കുറിച്ച് വേണ്ട നിർദ്ദേശങ്ങൾ ഹെൽത്ത് സർവ്വീസസ്സ് ഡിപ്പാർട്ടുമെൻറുമുഖേന പബ്ലിക് ഹെൽത്ത്, മെഡിക്കൽ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്ക് അപ്പപ്പോൾ നൽകുന്നുണ്ട്. ഇതിനുപുറമേ ഹെൽത്ത് എഡ്യൂക്കേഷൻ യൂണിറ്റുകൾ ഭക്ഷ്യവിഷബാധ തടയാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഭക്ഷ്യവിഷബാധയുണ്ടായാൽ എടുക്കേണ്ട പ്രതിരോധനടപടികളെക്കുറിച്ചും പൊതുജനങ്ങൾക്ക് വേണ്ട ഉൽബോധനം നൽകുന്നുണ്ട്.

പോലീസ് കാർട്ടേഴ്സ് പണി.

* 170. [26] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കാർട്ടേഴ്സുകൾ പണിതു തീർന്നിട്ടും അത് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ എത്രയുണ്ട് ;

(ബി) കുറുകച്ചാലിലെ പോലീസ് കാർട്ടേഴ്സിൽ ഈ വർഷം താമസിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഒന്നുമില്ല.

(ബി) കുറുകച്ചാൽ പോലീസ് കാർട്ടേഴ്സിൻെറ പണി മിക്കവാറും പൂർത്തിയായിട്ടുണ്ട്. ഇനി സനിട്ടറി ഫിറ്റിംഗ്സിൻെറയും വാട്ടർ പൈപ്പ് കണക്ഷൻെറയും പണികൾ മാത്രമേ ബാക്കിയുള്ളൂ. അതും ഇക്കൊല്ലംതന്നെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുറിയാർകുറ്റി—കാരപ്പാറ വൈദ്യുത ജലസേചനപദ്ധതി

* 171. [27] ശ്രീ. പി. ബാലചന്ദ്രമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറിയാർകുറ്റി—കാരപ്പാറ വൈദ്യുത ജലസേചനപദ്ധതിയെക്കുറിച്ച് ഗവണ്മെൻറിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ചിറ്റൂർ താലൂക്കിൽ 40,000 ഏക്കർ കൃഷിസ്ഥലത്തു ജലസേചനം ചെയ്യുന്നതിനും ആദായകരമായി വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനും ഈ പദ്ധതി ഉപകരിക്കുമോ ;

(സി) ഇതിലേക്കുവേണ്ടി അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി .പൗലോസ്) :

(എ) ഉണ്ട്.

(ബി, സി) 'കുറിയാർകുറ്റി—കാരപ്പാറ' എന്നൊരു ജലസേചന പദ്ധതിയുടെ പ്രാരംഭ അന്വേഷണം പൊതുമരാമത്തുവകുപ്പ് നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly